പുത്തൂർ പഞ്ചായത്തു വാർഷികത്തോടനുബന്ധിച്ച് നടത്തിയ നാടകമത്സരത്തിൽ 9 നാടകങ്ങൾ അവതരിപ്പിക്കപ്പെടുകയും അതിൽ പഞ്ചായത്തതിലെ ഒരു യുവ നാടകകൃത്തായ കെ. പി. ജോസഫ് രചിച്ചതും എളനാതുരത്തി ഭാരതാർട്ട്സ് ക്ലബ്ബ് ആന്റ് ലൈബ്രറിക്കാരൻ അവതരിപ്പിക്കപ്പെട്ടതുമായ 'മാതൃദ്രോഹി" എന്ന നാടകത്തിനു ഒന്നാം സമ്മാനവും പ്രശസ്ത നാടകകൃത്തായ സി. എൽ ജോസിന്റെ പുതിയ നാടകവും മരോട്ടിച്ചാൽ ഹൈസ് ആർട്ട്സ് ക്ലബ്ബുകാരാൽ അവതരിപ്പിക്കപ്പെട്ടതുമായ "കറുത്ത വെളിച്ചം"ത്തിനും മരത്താക്കര യുവജന കലാസമിതിക്കാർ അവതരിപ്പിച്ച ജോസിന്റെതന്നെ "വേദനയുടെ താഴ്വരയിൽ" എന്ന നാടകത്തിനും രണ്ടാംസമ്മാനങ്ങളും കിട്ടുകയുണ്ടായി. കണ്ണംകുട്ടകര നവപ്രഭ കലാസമിതിക്കും പുത്തൂരാജ് കലാവേദിക്കും പ്രോത്സാഹനസമ്മാനങ്ങളും ലഭിച്ചു. ഏററവും നല്ല നടനായി "കറുത്ത വെളിച്ചത്തിൽ" ഷേക്സ്പിയറുടെ ഭാഗത്തിൽ അഭിനയിച്ച സി കെ ഫ്രാൻസീസിനേയും ആ നാടകത്തിന്റെ സംവിധായകനായ എൻ പി കുരിയാക്കോസിനേയും തെരഞ്ഞെടുത്തു. 'വേദനയുടെ താഴ്വരയിൽ'' വാറപ്പന്റെ ഭാഗം എടുത്ത ആന്റണി കാട്ടുക്കാരനേയും തെരഞ്ഞെടുത്തു. സമ്മാനാർഹരായവർക്ക് പ്ര...

പട്ടിണിയുടെ വിപത്ത്

കുട്ടനാട്ടിലെ കോളറാമരണങ്ങൾക്ക് കാരണം

[സ്വ. ലേ] ആലപ്പുഴ, ഫെബ്രു: 2

ചമ്പക്കുളത്തു് ഇന്നു് 'കോളറാ'ബാധയാൽ രണ്ടു് മരണങ്ങളുംകൂടി റിപ്പോർട്ടു ലഭിച്ചതോടെ കുട്ടനാട്ടിന്റെ വിവിധ ഭാഗങ്ങളിൽ [ചങ്കരി, നെടുമുടി, ചമ്പക്കുളം, പൊങ്ങ] ഇന്നുവരെ 22 ഓളം മരണങ്ങൾ സംഭവിച്ചതായി സ്ഥിരീകരണമില്ലാത്ത റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

അധികാരികളിൽനിന്നും കണക്കുകൾ ലഭിക്കുന്നതിനു് ഉടനെ സാധ്യതയില്ല. ജില്ലാ അധികാരികൾ കുട്ടനാടൻ പ്രദേശത്തേയ്ക്ക് പോയിട്ടുണ്ട്. ഇന്നു് ചമ്പക്കുളത്തുവെച്ച് ഗവണ്മെണ്ട് ശ്രദ്ധക്ഷണിച്ചുകൊണ്ടും ബന്ധപ്പെട്ടവരുടെ ആരണ്യങ്ങൾ ഉണ്ടാകണമെന്ന അഭ്യർത്ഥിച്ചുകൊണ്ടും ഓരോ പ്രമേയങ്ങൾ പാസ്സാക്കി അധികാരികൾക്ക് അയച്ചുകൊടുത്തിരിക്കുന്നു. പ്രക്കാട്ട് തോട്ടപ്പള്ളി ഭാഗങ്ങളിൽ ആരംഭിച്ച ഈ കോളറാരോഗം ഇന്നു് കുട്ടനാടിന്റെ ഏതാഭാഗത്തേയ്ക്കു വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. പ്രതിരോധനടപടി എന്നനിലയിൽ തോട്ടപ്പള്ളി ഭാഗത്തു് മത്സ്യം ഉപയോഗിപ്പിക്കാതെ കഴിച്ചുകൂട്ടുന്ന ലോക്കലിലും മററു കിഴക്കൻ പ്രദേശങ്ങളിൽനിന്നു വന്നിരുന്ന വഞ്ചികൾ ഇന്ന മുതൽ എത്തുന്നില്ല. ആഹാരസാധനങ്ങളുടെ ഉപയോഗത്തിൽനിന്നാണു് ഈ രോഗമുണ്ടാകുന്നതു് എന്നു് വിശ്വസിക്കുന്നു. അരി ആഹാരത്തിന്റെ കുറവുമൂലം ഗോതമ്പും മത്സ്യവും [ചാള] ചീഞ്ഞതു കഴിക്കേണ്ടിയുംവരുന്നതായി കുട്ടനാടൻ പ്രദേശമുള്ളവർ വിളിച്ചുപറയുന്നു. ശുദ്ധജലം കിട്ടാത്തതിനാലുമാണു് ഈ രോഗം ഉണ്ടായതു് എന്നു് പറയപ്പെടുന്നു. കുട്ടനാട്ടിൽ കൊയ്ത്തുകാലമാകയാൽ അന്യദിക്കുകളിൽനിന്നും കർഷകത്തൊഴിലാളികൾ ഏതാനുംമാസക്കാലം കോളനിഅടിസ്ഥാനത്തിൽ പാടത്തിന്റെ പുറംചിറകളിൽ താല്ക്കാലികകൂടുകൾ ഉണ്ടാക്കികഴിഞ്ഞുവരികയാണ്. അവർക്കുവേണ്ട സംരക്ഷണത്തിനു് കാര്യമായ യാതൊരു നടപടിയും കാണുന്നില്ല. രാഷ്ട്രീയത്തിനതീതമായി ഓടിഎത്തി വേണ്ട സഹായങ്ങളും സംരക്ഷണങ്ങളും പ്രതിരോധനടപടികളും നൽകുന്നതിനു് തയ്യാറാവാതെ ഇരുന്നാൽ കുട്ടനാട്ടിൽനിന്നും ഈ പ്രത്യേക പരിതസ്ഥിതിയിൽ ഇതുപോലുള്ള മരണങ്ങൾ ഒഴിവാക്കുവാൻ സാധിക്കുകയില്ല. മെഡിക്കൽ സഹായങ്ങൾ വേണ്ടത്ര കുട്ടനാട്ടിന്റെ ഏതുഭാഗത്തേക്ക് എത്തിച്ചിട്ടില്ലെന്നു് വളരെ അധികം ആക്ഷേപം കേൾക്കുന്നു. കുട്ടനാട്ടിൽനിന്നും പ്രത്യേകിച്ച് കർഷകത്തൊഴിലാളികളിൽനിന്നും പകർച്ചവ്യാധിയുടെ ഭീതി തീർക്കുവാൻ സാധിക്കുന്നില്ലെങ്കിൽ കൊയ്ത്തുതുടങ്ങിയവരും ഇതു അനുഭവിക്കുന്ന പക്ഷം കർഷകരുടെ കാര്യം കഷ്ടത്തിലാകും. 'ലെവി' അളക്കുവാനും, അളപ്പിക്കുന്നതിനുംവേണ്ടി കാത്തുകെട്ടി നടക്കുന്ന വിജിലൻസ് ഉദ്യോഗസ്ഥന്മാരും വിള കൊയ്ത്തുകൊണ്ടുപോകുന്നതിനെ തടയുന്നതിനു സദാ ഉണർന്നിരിക്കുന്ന പോലീസ് പാർട്ടി ഉടനെ നാട്ടിന്റെ രക്ഷയ്ക്കുവേണ്ടി പരിശ്രമിച്ചും വേണ്ട സംരക്ഷണം നൽകുവാൻ തയ്യാറാകണം.

കത്തിക്കുത്ത്

ആലപ്പുഴ, (സ്വ ലേ) ഫെ 2

കുട്ടനാടൻ പ്രദേശങ്ങളിൽ കോളറാ ബാധയുണ്ടായതിനെത്തുടർന്ന ഇവിടെയും പ്രതിരോധപ്രവർത്തനം ആരംഭിച്ചിരിക്കുന്നു. 5000 പേരെ ഇതിനോടകം കുത്തിവച്ചതായി ഹെൽത്ത് ഡിപ്പാർട്ടുമെന്റ് വക്താക്കൾ അവകാശപ്പെടുന്നു കൂടുതൽ മരുന്നിനും സ്റ്റാഫിനുംവേണ്ടി ഗവണ്മെണ്ടിൽ അടിയന്തിരസന്ദേശം അയച്ചുകഴിഞ്ഞു. ആർ ഡി ഒ എന്നീ സി സ്വതന്ത്രനും തഹശീൽദാരും മററ റവന്യൂ ഉദ്യോഗസ്ഥന്മാരും ഹെൽത്ത്ഡിപ്പാർട്ടുമെന്റ് മേധാവികളും കുട്ടനാടൻ പ്രദേശങ്ങളിൽ സഞ്ചരിച്ച കോളറാരോഗത്തെക്കുറിച്ച അന്വേഷണം നടത്തിയിരിക്കുന്നു.

ഏ ഡ്രഗമുള്ളവർ കാർ ഓട്ടരുത്

ബോൺ (ഡാ)—കാർ ഓട്ടുന്നവർക്ക് പെട്ടെന്നു് ഏ ഡ്രഗബാധയുണ്ടാകുന്നതാണ്. പല അപകടങ്ങൾക്കും കാരണമിതാണെന്നു് ഭിഷഗ്വരന്മാർ അഭിപ്രായപ്പെടുന്നു. കാർ ഓട്ടുമ്പോൾ ഉണ്ടാകുന്ന ആയാസത്തെ താങ്ങാനുള്ള ശക്തി ഏ ഡ്രഗികൾക്കില്ല. അതിനാൽ അവർക്ക് ഏതവസരത്തിലും ഏ ഡ്രഗബാധയുണ്ടാകാം. ഇതു അയാളുടെ കൂടെ സഞ്ചരിക്കുന്നവരുടെയും ജീവനെ അപകടത്തിലാക്കുന്നു

ഈ അടുത്ത കാലത്തു് പശ്ചിമ ജർമ്മനിയിലെ മൂന്നു് ശാസ്ത്രീയ സ്ഥാപനങ്ങൾ ഏഡ്രഗമുള്ളവരെ കാർ ഓട്ടുന്നതിനു് അനുവദിക്കാമോ എന്ന ചോദ്യത്തിനു് ഉത്തരം കാണാൻ ചില അന്വേഷണങ്ങൾ നടത്തുകയുണ്ടായി. വർദ്ധിച്ചുവരുന്ന കാർ അപകടങ്ങളുടെ കാരണങ്ങളിൽ ഒന്നു് അതു് ഓടിക്കുമ്പോൾ ഡ്രൈവർക്ക് ഏ ഡ്രഗബാധയുണ്ടാകുന്നതുകൊണ്ടാണെന്നു് ഭിഷഗ്വരന്മാർ പറയുന്നു.

ബോണിലെ സർവ്വകലാശാലാ ആശുപത്രിയിലെ പ്രൊഫസർ ഹോഫ്മാൻ കാർ ഓട്ടുമ്പോളുണ്ടാകുന്ന ആയാസം അളക്കാനായി ഒരു പുതിയ മാർഗ്ഗം അവലംബിച്ചിരിക്കുന്നു. അദ്ദേഹം ഏഡ്രയത്തിനു നല്ല ആരോഗ്യമുള്ളവരേയും ആരോഗ്യം കുറഞ്ഞവരേയുംകൊണ്ട് കാർ ഓട്ടിച്ച് കാറിൽതന്നെ ഘടിപ്പിച്ചിരുന്ന ഒരുപകരണംമൂലം അവരുടെ ഏഡ്രയസ്പന്ദനവും രക്തസമ്മർദ്ദവും കൂടെക്കൂടെ നിയന്ത്രിക്കുകയും അതിന്റെ ഫലം കമ്പിമാർഗ്ഗം ആശുപത്രിയിൽ അറിയിക്കുകയും ചെയ്തിരുന്നു. കാർ ഓട്ടിയിരുന്ന ആളിനോടൊപ്പം ഉണ്ടായിരുന്ന ഡാക്ടർ അതേസമയം കാറിന്റെ വേഗത, റോഡിലെ ഗതാഗതസ്ഥിതി ഇവയെല്ലാം ശ്രദ്ധിച്ചിരുന്നു.

നല്ല ആരോഗ്യഏഡ്രയമുള്ളവന്റെയും ആരോഗ്യം കുറഞ്ഞവന്റെയും സാധാരണ സ്പന്ദനം നഗരങ്ങളിൽ കാർ ഓട്ടുമ്പോൾ വർദ്ധിക്കുന്നുവെന്നാണ് പരീക്ഷണങ്ങൾ തെളിയിച്ചിരിക്കുന്നതു്. പക്ഷെ ഏഡ്രയത്തിന്റെ ആരോഗ്യം കുറഞ്ഞവരുടെ ഏഡ്രയസ്പന്ദനം വളരെ വർദ്ധിച്ചിരുന്നു. ഈ കൂട്ടർക്ക് ആ അവസരത്തിൽ എപ്പോൾ വേണമെങ്കിലും ഏഡ്രഗമുണ്ടാകാം. അതു് അവരുടെ ജീവനെ മാത്രമല്ല, കാറിൽ സവാരി ചെയ്യുന്ന മററുള്ളവരുടെ ജീവനെക്കൂടി അപകടത്തിൽ ആക്കുന്നതാണ്.

ഒരു പ്രദേശത്തെ എ ഡനിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫാർ സേഫ്ററി ഇൻ ഒപ്പറേറ്റിംഗ് ആന്റ് ട്രാഫിക്ക് എന്ന സ്ഥാപനവും മ്യൂനിച്ചിലെ സർവ്വകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫാർ ജൂഡീഷ്യൽ മെഡിസിൻസ് എന്ന സ്ഥാപനവും ഇതു സംബന്ധിച്ച് ചില അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. ഏഡനിൽ നൂറും മ്യൂനിച്ചിൽ ഇരുന്നൂറും കാർ ഓട്ടമ്പോളുണ്ടായിട്ടുള്ള മരണത്തെ സംബന്ധിച്ച് ചില അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. അതിൽനിന്നും മനസ്സിലാക്കിയിരിക്കുന്നതു്, കാർ ഓട്ടമ്പോൾ ഏഡ്രഗം ഉണ്ടാകുന്നതു് ഏഡ്രയത്തിന്റെ മുൻപേയുള്ള ബലക്ഷയത്താലല്ലാ എന്നാണ്. മുൻപറഞ്ഞ മൂന്നു് സ്ഥാനങ്ങളിലും നടത്തപ്പെട്ട പരീക്ഷണങ്ങളിൽനിന്നുള്ള വ്യക്തമായ അനുമാനം ഏ ഡ്രഗമുള്ളവർ കാർ ഓടിക്കരുതെന്നാകുന്നു. അതിനെയുള്ളവർക്ക് ഇക്കാലത്തു് അപകടമില്ലാതെ കാർ ഓടിക്കാൻ സാദ്ധ്യമല്ല.

(യു. പി. എസ്.)

ഹൈസ്കൂൾവാർഷികം

വെള്ളാംകല്ലൂർ ഫെ. 2

കല്ലാമ്പ് ബി വി യം ഹൈസ്കൂൾ സാഹിത്യസമാജത്തിന്റെ വാർഷികവും രക്ഷാകർത്തൃ ദിനവും, സ്കൂൾഗ്രൗണ്ടിൽ പുതുതായിപണി കഴിപ്പിച്ചിട്ടുള്ള 'കാഡിറേററിയ'ത്തിൽ വച്ചു് റവ: ഫാ: എസ് തേർമം എ ക എൽ ന്റെ അദ്ധ്യക്ഷതയിൽ ആഘോഷിക്കുകയുണ്ടായി. തദവസരത്തിൽ സ്കൂൾ മാനേജർ റവ: ഫാ: എ യഹ് വെള്ളാനിക്കാരൻ അവർകളുടെ ഔദാരത്തിന്റെ ഫലമായി രജതജൂബിലി ആഘോഷത്തിന്റെ വിലപിടിച്ച ഷീൽഡുകൾ, മെഡലുകൾ, സർട്ടിഫിക്കററുകൾ എന്നീ സമ്മാനങ്ങൾ നല്കപ്പെടുകയും ചെയ്തു.

പുകയില ഉല്പന്ന കയററുമതി

മരിരാശി ഫെ. 3

ഇന്ത്യൻ പുകയിലകൊണ്ടു നിർമ്മിക്കുന്ന വസ്തുക്കളുടെ കയററുമതി വർദ്ധിപ്പിക്കുന്നതിനു് വ്യവസായ-സർക്കാർ വകുപ്പ് സെക്രട്ടറി ശ്രീ. എസ്. രംഗനാഥൻ അദ്ധ്യക്ഷനായുള്ള ഒരു കമ്മിററിയെ നിയമിച്ചിരിക്കുന്നു. ബീഡികൾ, സിഗരററുകൾ, ചെപ്പിനുപയോഗിക്കുന്ന പുകയില, പൊടി, ചുരുട്ട്, എന്നിവയുടെ കയററുമതി വർദ്ധിപ്പിക്കുന്നതിനു് വിവിധ സാദ്ധ്യതകളെക്കുറിച്ച കമ്മിററി പര്യാലോചിക്കും. ഈ ഉല്പന്നങ്ങളുടെ കയററുമതിയിൽ താല്പര്യമുള്ള നിർമ്മാതാക്കളും കയററുമതിക്കാരും അവരുടെ സംഘടനകളും തങ്ങളുടെ വാഷിക ഉല്പാദനം, കയററുമതി, പാക്കിങ്ങ് സമ്പ്രദായങ്ങൾ, ബ്രാൻഡുകൾ, കയററുമതി വിഷയത്തിലനുഭവിക്കുന്ന വിഷമതകൾ, കയററുമതി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ സെക്രട്ടറി, പുകയില കയററുമതി വികസന കൗൺസിൽ, 123 മൗണ്ട്റോഡ്, മദ്രാസ്-6 എന്ന വിലാസത്തിൽ 1965 ഫെബ്രുവരി 22 ന് മുമ്പ് അയച്ചുകൊടുക്കേണ്ടതാണ്.

ആലപ്പുഴ വാർത്തകൾ

(സ്വ ലേ) ആലപ്പുഴ, ഫെ. 2

മെസഞ്ചർ പാർട്ട നിർമ്മാണ സഹ: സംഘം

മെസഞ്ചർമാരിന്റെ വിവിധ ഭാഗങ്ങൾ നിർമ്മിക്കുന്ന വ്യവസായത്തിന്റെ വികസനാർത്ഥം എസ്. ഐ. എൽ. ഡി. (എ)49 നമ്പറായി 'ആലപ്പുഴ മെസഞ്ചർ പാർട്ട്സ് നിർമ്മാണ തൊഴിലാളി വ്യവസായിക സഹകരണ സംഘം ക്ലിപ്തം" എന്ന പേരിൽ ഒരു സംഘത്തിനു രജിസ്ട്രേഷൻ നൽകിയിട്ടുള്ളതായി ആലപ്പുഴ ജില്ലാ വ്യവസായ ആഫീസ്സർ അറിയിക്കുന്നു. നമ്പർ എസ്. ഐ എൽ ഡി (എ)18 ചെത്തി മത്സ്യവ്യവസായ സഹകരണ സംഘം എന്ന പേരിൽ മറെറാരു സഹകരണസംഘത്തിനും രജിസ്ട്രേഷൻ നൽകിയിട്ടുണ്ടെന്നു ജില്ലാ വ്യവസായ ആഫീസ്സർ അറിയിക്കുന്നു.

മണ്ഡല പഞ്ചായത്തു് പ്രസിഡണ്ടുമാർ

ആലപ്പുഴ ജില്ലാ വികസന കൗൺസിലിലേയ്ക്കു ജില്ലയിലെ പഞ്ചായത്തു പ്രസിഡണ്ടുമാരുടെ പ്രതിനിധികളായി പുളിങ്കുന്നു പഞ്ചായത്തു പ്രസിഡണ്ട ശ്രീ പി. ആർ. വെങ്കിടാചലം അയ്യരേയും വിജയപുരം പഞ്ചായത്തു് പ്രസിഡണ്ട ശ്രീ എം മാത്യൂസിനേയും തിരഞ്ഞെടുത്തതായി ജില്ലാ പഞ്ചായത്താഫീസ്സർ അറിയിക്കുന്നു.

എലക്ഷൻ റിഹേഴ്സൽ

ആലപ്പുഴ ജില്ലയിലെ റിട്ടേണിങ്ങ് ആഫീസ്സർമാർക്കും അസിസ്റ്റന്റ് റിട്ടേണിങ്ങ് ആഫീസ്സർമാർക്കും താലൂക്കുതഹശീൽദാർമാർക്കും, മണ്ഡലം അസംബ്ലി നിയോജകമണ്ഡലങ്ങളിലെ ഡിസ്ട്രിക്ട് ആഫീസ്സർമാർക്കുംവേണ്ടിയുള്ള തിരഞ്ഞെടുപ്പു പ്രവർത്തനങ്ങൾ സംബന്ധിച്ച റിഹേഴ്സൽ ഫെബ്രുവരി 13-ാംതീയതി ഉച്ചതിരിഞ്ഞ് 3 മണിക്ക് ആലപ്പുഴ ഗവണ്മെണ്ട ഗേൾസ് ഹൈസ്കൂളിൽവെച്ചു നടക്കുന്നതായിരിക്കും. ആഫീസ്സർമാർക്കുവേണ്ടിയുള്ള ഈ റിഹേഴ്സൽ ജ്ഞാതിസ്റ്റ് ജില്ലാ കളക്ടർ ശ്രീ എൻ കാളീശ്വരൻ എടുക്കുന്നതാണ്.

ജില്ലാ കളക്ടരുടെ പരിപാടികൾ

മാവേലിക്കര സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടരുടെ ആപ്പീസ്സ് പരിശോധിക്കായി ജില്ലാ കളക്ടർ ശ്രീ എൻ. കാളീശ്വരൻ ഫെബ്രുവരി 3-ാംതീയതി അങ്ങോട്ടു പോകുന്നതായിരിക്കും. 8-ാംതീയതി അദ്ദേഹം ചെങ്ങന്നൂർ സബ്ബ് കളക്ടരുടെ ആപ്പീസ്സും 10-ാംതീയതി ആലപ്പുഴ റവന്യൂ ഡിവിഷണൽ ആപ്പീസ്സും, 11-ാംതീയതി ആലപ്പുഴ പുഞ്ചാ സ്പെഷ്യൽ ആപ്പീസ്സറുടെ ആപ്പീസ്സ് പരിശോധിക്കും. 13-ാംതീയതി ഉച്ചതിരിഞ്ഞ് അദ്ദേഹം ആലപ്പുഴ ഗേൾസ് ഹൈസ്കൂളിൽവെച്ചു് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാരുടെ റിഹേഴ്സൽ ക്ലാസ്സു നടത്തുന്നതും 15-ാംതീയതി കലക്ടറേററിൽ വെച്ച് അപ്പീലുകൾ കേൾക്കുന്നതുമായിരിക്കും.

ലോകത്തെ വലിയ മുട്ട

ബ്രസ്സൽസ്: ഡാർഡ് (യു.ലേ)-ലോകത്തിലെ ഏററവും വലിയ മുട്ട ഡസ്സൽഡാർഫ് മ്യൂസിയത്തിലെ പ്രകൃതിശാസ്ത്രസംബന്ധമായ ശേഖരണങ്ങളുടെ കൂട്ടത്തിൽ ഉണ്ട്. 10 ഇഞ്ചു് വലിപ്പമുള്ള ഈ മുട്ടയുടെ മാതൃകയേ അവിടെ പ്രദർശിപ്പിച്ചിട്ടുള്ളൂ. ഇന്നുവരെ ചരിത്രകാലത്തിനുമുമ്പ് ഉള്ള ഇത്തരം മുട്ടകൾ മഡഗാസ്കറിലെ കാണാൻ കഴിഞ്ഞിരുന്നുള്ളൂ. അവ വളരെ അപൂർവ്വമായിരുന്നു. ബർലിനിലെ ഒരു ശേഖരണക്കാരനു് ഇതു ഭാഗ്യവശാൽ ലഭിച്ചുവന്നേയുള്ളൂ. അയാൾക്ക് അതു് ലഭിച്ചപ്പോൾ അതു് വെറും ഒരു കളിക്കോപ്പാണെന്നും, തന്നെ, അതു് നൽകിയ ആൾ കബളിപ്പിച്ചതാണെന്നും കരുതി അയാൾ അതിനെ ദൂരെ വലിച്ചെറിഞ്ഞിരുന്നു. അതു് മാതൃകയല്ലാ, ശരിയായ ഒരു മുട്ടതന്നെയാണെന്നു് മനസ്സിലായപ്പോൾ അയാൾ അതിനെ ശാസ്ത്രജ്ഞന്മാർക്ക് നൽകുകയുണ്ടായി. 183 കോഴിമുട്ടകളിൽ കൊള്ളുന്നത്ര സാധനം അതിനകത്തു കൊള്ളും. ഈ മുട്ടയും സമീപം വെച്ചിരിക്കുന്ന കോഴിയുടെ മുട്ട ഇതിന്റെ വലിപ്പത്തെ എടുത്തുകാട്ടുന്നു.

ചലച്ചിത്രത്തിലെ വൃദ്ധ മരിച്ചു

മരിരാശി, ഫെ. 2

മലയാള സിനിമാരംഗങ്ങളിൽ വെച്ചു് ഏററവും പ്രായംചെന്ന ഒരു വന്ദ്യവയോധികയായിരുന്ന ശ്രീമതി മറിയമ്മ. ശ്രീമതി മറിയമ്മ തന്റെ എഴുപതാമത്തെ വയസ്സിൽ വാതസംബന്ധമായ രോഗം നിമിത്തം മരിരാശിയിൽ കോളംബക്കത്തുള്ള സ്വവസതിയിൽ വെച്ച് കഴിഞ്ഞയാഴ്ച ഇഹലോകവാസം വെടിഞ്ഞിരിക്കുന്നു.

സുപ്രസിദ്ധമായ "നീലക്കുയിൽ" എന്ന ചിത്രത്തിൽ പോസ്റ്റ്മേന്റെ അമ്മയായിട്ടാണ് ഈ വൃദ്ധ ആദ്യമായി ചലച്ചിത്രരംഗത്തേക്ക് കടന്നുവന്നതു്. ശ്രീ. പി. ഭാസ്കരന്റെ 'കണ്ടംബെച്ചകോട്ട്' മായിരുന്നു അവർ. പിന്നീട് ചിത്രസാഗരിന്റെ 'ആദ്യകിരണങ്ങൾ'' എന്ന പടത്തിൽ പാപ്പിയുടെ അമ്മയായി കാണികൾക്ക് മറക്കാനാവാത്ത നിലയിൽ ഈ വൃദ്ധ അഭിനയിക്കുകയുണ്ടായി എന്. ആർ. സി. യുടെ "ശ്യാമളച്ചേച്ചി''യിലാണ് അവർ അവസാനമായി അഭിനയിച്ചതു്. അവരുടെ റോൾ അഭിനയിച്ച് തീർന്നതിന്റെ അടുത്ത ആഴ്ച ആ വന്ദ്യവയോധിക രോഗശയ്യയിലായി. ആ ആത്മാവു് നിത്യശാന്തി നേടട്ടെ.

ചരമങ്ങൾ

തൊയക്കാവ്, ഫെ. 3

കേരളാ പത്മശാലിയ മഹാസഭയുടെ തൊയക്കാവ് ശാഖാ സെക്രട്ടറി ശ്രീ. കെ. കിട്ടു കഴിഞ്ഞ ദിവസം നിര്യാതനായിരിക്കുന്നു.

കാഞ്ഞാണി: കാരണത്തു് ശങ്കുണ്ണി മകൻ രവി (15) സ്വവസതിയിൽ തൂങ്ങി മരിച്ചനിലയിൽ കാണപ്പെട്ടിരിക്കുന്നു. രവിക്ക് കണ്ണിനു് കാഴ്ചയില്ലായിരുന്നു.

മണലൂർ: കിളിയാടൻ വാസു ഭാര്യ തങ്ക (25) ഏഡ്രയസ്തംഭനംമൂലം നിര്യാതയായിരിക്കുന്നു.

ഏ...: ചൊറത്തുരു് കരിയാത്തു ഭാര്യ മറിയം 68-ാംവയസ്സിൽ നിര്യാതയായിരിക്കുന്നു.

(സ്വ. ലേ) ഫറോക്ക്, ഫെ. 2

സ്ഥലത്തെ ഒരു പൗരപ്രധാനിയും, പൊതുകാര്യ പ്രസക്തനും, ഫറോക്ക് മേച്ചിൽ ഓട് ഉടമസ്ഥനുമായിരുന്ന കളത്തിങ്കൽ മുഹമ്മദ് സാഹിബ്ബ് ഏഡ്രഗംമൂലം കോഴിക്കോട്ട് മെഡിക്കൽ കോളേജ് ആസ്പത്രിയിൽ വെച്ചു് ഇന്നലെ നിര്യാതനായിരിക്കുന്നു.

വൈവാഹികം

റീത്താ-കൊച്ചാപ്പ

എറണാകുളം, ഫെ. 3

തൈക്കൂടം റപ്പായി മകൾ റീത്തായും, അരിമ്പൂർ ചുങ്കത്ത് പൌലോസ് മകൻ കൊച്ചാപ്പുവും തമ്മിലുള്ള വിവാഹം എറണാകുളം പള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

മേഴ്സി-ഇന്നാസു

പാറ്റൂർ, ഫെ. 3

വാണി വിലാസം യു പി. സ്കൂളിലെ അദ്ധ്യാപകനും, ഒരു കലാകാരനുമായ സി. എൽ. ഇന്നാസുവും, കരിയച്ചിറ മുരിയേക്കൽ ദേവസി മകൾ മേഴ്സിയും തമ്മിലുള്ള വിവാഹം കരിയച്ചിറ പള്ളിയിൽവച്ചു് സമംഗളം നടന്നിരിക്കുന്നു.

(സ്വ ലേ)

അനുമോദനം

കുട്ടനെല്ലൂർ, ഫെ. 2

പുത്തൂർ പഞ്ചായത്തു് വാർഷികത്തിൽ നടത്തിയ നാടകമത്സരത്തിൽ (9 എണ്ണം) ഭാരത് ആർട്ട്സ് ക്ലബ്ബ് ആന്റ് ലൈബ്രറിയുടെ "മാതൃദ്രോഹി" എന്ന നാടകം ഒന്നാംസ്ഥാനം കരസ്ഥമാക്കിയതിൽ അനുമോദിച്ചുകൊണ്ടു പ്രത്യേകം ക്ഷണിക്കപ്പെട്ട അതിഥികളുടെ സാന്നിദ്ധ്യത്തിൽ അഭിനേതാക്കൾക്ക് ക്ലബ്ബ് ആഫീസിൽവെച്ചു സ്വീകരണം നൽകുകയുണ്ടായി.

വിലവർദ്ധന തടയാൻ ഭൂമി മുഴുവൻ മരവിപ്പിക്കണം

സിംപോസിയത്തിൽ ഡോ: ലോകനാഥന്റെ നിർദ്ദേശം

ന്യൂഡൽഹി, ഫെ. 3

ഭൂമിയുടെ വിലവർദ്ധന തടയുന്നതിനു സകല ഭൂമിയും മരവിപ്പിക്കണമെന്നും ഭവന നിർമ്മാണം പ്രത്യുല്പാദനപരമായ മുതൽമുടക്കായി പരിഗണിക്കണമെന്നും ഡോ: പി. എസ്. ലോകനാഥൻ നിർദ്ദേശിച്ചിരിക്കുന്നു.

ന്യൂഡൽഹിയിൽ ഇന്നലെ ഭവനനിർമ്മാണത്തിന്റെ സാമ്പത്തിക വിശേഷങ്ങൾ എന്ന വിഷയം സംബന്ധിച്ച സിംപോസിയത്തിൽ അദ്ധ്യക്ഷം വഹിച്ചുകൊണ്ടു സംസാരിക്കുകയായിരുന്നു ഡോക്ടർ ലോകനാഥൻ.

സ്വകാര്യഭവന നിർമ്മാണത്തിനു് ഉത്തേജനം നല്കാൻ ഒരു പ്രത്യേക സമ്പാദ്യപ്രസ്ഥാനം ആരംഭിക്കണമെന്നും ഡോ. ലോകനാഥൻ നിർദ്ദേശിക്കുകയുണ്ടായി.

തൊഴിൽ വികസനത്തിന്റെ വീക്ഷണകോണിലൂടെ നോക്കിയാൽ ഭവനനിർമ്മാണത്തിനും പണം മുടക്കുന്നതിനു് വമ്പിച്ച പ്രാധാന്യമുണ്ടെന്നു്, ചർച്ചകൾക്ക് നേതൃത്വം നല്കിയ ഡോ. ഡി. എൻ. സാംഗ്ലേ ചൂണ്ടിക്കാട്ടി, അതുകൊണ്ടു് ഭവനനിർമ്മാണത്തെ ഒരു അത്യാവശ്യസാമൂഹ്യസേവനമായി കണക്കാക്കേണ്ടതാണെന്നു് അദ്ദേഹം പറഞ്ഞു.

അമേരിക്ക, ബ്രിട്ടൻ, ജർമ്മനി മുതലായ അഭിവൃദ്ധരാജ്യങ്ങളിൽ കെട്ടിടനിർമ്മാണത്തിന്നു് ചെലവാക്കുന്ന പണത്തിന്റെ 35-40 ശതമാനം ഭവനനിർമ്മാണത്തിന്നാണ് ഉപയോഗിക്കപ്പെടുന്നതെന്നു് ഡോ: സാംഗ്ലേ പ്രസ്താവിച്ചു വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ 20 ശതമാനം ആണിത്. നാലാം പദ്ധതിക്കാലത്തു് ഇന്ത്യയിൽ ഭവനനിർമ്മാണത്തിനു 20000 കോടിക.മുതൽ മുടക്കേണ്ടി വരുമെന്നു് അദ്ദേഹം കണക്കാക്കുന്നു.

വേറെ 13 പ്രതിനിധികളും ചർച്ചകളിൽ പങ്കെടുത്തു.

തിരുവനന്തപുരം: മാവേലിക്കര ഭാഗത്ത് ഒരു ... യി (16) ഇന്നലെ സന്ധ്യക്ക് എലിഞ്ഞിപ്രയിലുള്ള പുഴക്കടവിൽ മുങ്ങി മരിച്ചിരിക്കുന്നു. ഫാറം 2 വിദ്യാർത്ഥികളുടെ കൂടെ കുളിക്കാൻപോയ ജോയി പുഴയിൽ വെള്ളം അധികമുണ്ടായിരുന്ന സ്ഥലത്തു് മുങ്ങിമരിക്കുകയാണുണ്ടായതു്.

മൃതദേഹം ഇന്നു രാവിലെ ചാലക്കുടി പോലീസിന്റെ സാന്നിദ്ധ്യത്തിൽ കരക്ക് കയററി ഇൻക്വസ്റ്റ് തയ്യാറാക്കിയ ശേഷം അവകാശികൾക്ക് വിട്ടുകൊടുത്തു.

ദുഃഖസൂചകമായി ഇന്നുച്ചതിരിഞ്ഞ് പരിയാരം ഹൈസ്കൂളിനു അവധി നൽകുകയും, കറുത്ത ബാഡ്ജ് ധരിച്ച് വിദ്യാർത്ഥിനി വിദ്യാർത്ഥികളും, അദ്ധ്യാപികാദ്ധ്യാപകന്മാരും മൌനജാഥയായി എലിഞ്ഞിപ്രയിലുള്ള ജോയിയുടെ വസതിയിലെത്തി അനുശോചനം രേഖപ്പെടുത്തുകയും, മൃതദേഹത്തിൽ റീത്തുകളും, പുഷ്പങ്ങളും അർപ്പിക്കുകയും ചെയ്തു.

എലിഞ്ഞിപ്രയിൽ കാവുങ്കൽ ദേവസിയുടെ പുത്രനാണു് ജോയി.

തീരങ്ങൾ പ്രമേയം

എടതിരുത്തി ഫെ. 2

എടതിരുത്തി പഞ്ചായത്തു് 19-1-65ൽ അംഗീകരിച്ചതും പൊതുജനങ്ങൾക്ക് തീരററിലാരണ ഉളവാക്കിയതും കേന്ദ്രഗവണ്മെണ്ടിന്റെ രാജ്യരക്ഷാചട്ടത്തിനു് വിഹിതമാണെന്നു് സംശയിക്കപ്പെടുന്നതുമായ പ്രമേയം ഭേദപ്പെടുത്തും പിൻവലിക്കുകയും, കേന്ദ്രഗവണ്മെണ്ടിന്റെ പ്രഖ്യാപിതലക്ഷ്യങ്ങളോട് വിധേയത്വവും പ്രത്യാപാതവുംകൊണ്ടുള്ള തിരുത്തൽ പ്രമേയം പാസ്സാക്കുകയും ചെയ്തിരിക്കുന്നു.

തിരുനാളുകൾ

പാറപ്പുക്കര, ഫെ. 2

പാറപ്പുക്കര സെന്റ് ജോൺസ് ദേവാലയത്തിലെ സെന്റ് സെബാസ്റ്റ്യൻസ് പുണ്യവാളന്റെ തിരുനാൾ കേമമായി ആഘോഷിച്ചിരിക്കുന്നു.

നെല്ലായി, ഫെ. 2

നെല്ലായി പള്ളിയിലെ സെന്റ് സെബാസ്റ്റ്യാനോസ് പുണ്യവാളന്റെ തിരുനാൾ കേമമായി ആഘോഷിച്ചിരിക്കുന്നു.

ആനന്ദപുരം, ഫെ. 2

ആനന്ദപുരത്തെ പള്ളിയിലെ സെന്റ് സെബാസ്റ്റ്യാനോസ് പുണ്യവാളന്റെ തിരുനാൾ കേമമായി ആഘോഷിച്ചിരിക്കുന്നു.

-0-

സി. എൽ. എ. മേഖലാ സെമിനാർ

വെണ്ടോർ, ഫെ. 2

തൃശ്ശൂർ രൂപത കാത്തലിക്ക് അസോസിയേഷന്റെ ഒരു മേഖലാ സെമിനാർ ഇന്നലെ വെണ്ടോർ യു. പി. സ്കൂളിൽ വച്ചു് നടത്തുകയുണ്ടായി. റവ. ഫാ. ജെ. പാറയ്ക്കൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിനു പി. പി. ജേക്കബ് സ്വാഗതം പറഞ്ഞു. തൊഴിലാളി പ്രേഷിതർ സി. എൽ. എ വികസനം, ഭവനനിർമ്മാണപദ്ധതി എന്നീ വിഷയങ്ങളെപ്പററി യഥാക്രമം റവ. ഫാ. ആന്റണി ഇരിമ്പൻ, എം. എൽ. ഫ്രാൻസീസ്, പോൾ പൊറത്തൂർ എന്നിവർ പ്രസംഗിച്ചു. സെമിനാറിന്റെ അവസാനത്തിൽ സി. എൽ. എ ഭവനനിർമ്മാണ പദ്ധതിയിൽനിന്നും സാമ്പത്തിക സഹായം നല്കി പണി തീർത്ത തയ്യാലക്കൽ അന്നമ്മയുടെ ഭവനം സി. എൽ. രൂപതാ ഡയറക്ടർ റവ. ഫാ. ആന്റണി ഇരിമ്പൻ ആശീർവ്വദിക്കുകയുണ്ടായി.

വിദ്യാർത്ഥി മുങ്ങി മരിച്ചു

(സ്വ ലേ) ചാലക്കുടി, ഫെ. 2

പരിയാരം സെന്റ് ജോർജ്ജസ് ഹൈസ്കൂളിലെ ഒമ്പതാം സ്റ്റാന്റേഡിലെ ഒരു വിദ്യാർത്ഥിയായ കെ. സി. ജോ...

പെൻഷൻ പേ മാസ്റ്ററുടെ പരിപാടി

തൃശ്ശൂർ, ഫെ. 2

പെൻഷൻ പേ മാസ്റ്റർ ഫെബ്രുവരി 22-ാംതിയതി തിങ്കളാഴ്ച തൃശ്ശൂർ ടൗൺഹാളിൽവച്ചു് തൃശ്ശൂർ പ്രദേശത്തുള്ള വിമുക്തഭടന്മാരുടെ പെൻഷൻ വിതരണം ചെയ്യുന്നതാണ്.

-0-

വൈദ്യുതശക്തി അർബ്ബുദരോഗത്തിനെതിരെ

സ്റ്റട്ട്ഗാർട്ട് (ഡാ) പശ്ചിമ ജർമ്മനിയിലെ ഒരു ഇലക്ട്രിക്ക് കമ്പനി ലോകത്തിലേക്ക് ഏററവും കൂടുതൽ പ്രതിപാദനശക്തിയുള്ള ഒരുപകരണം നിർമ്മിച്ചിരിക്കുന്നു. അതിനു് 42 ദശലക്ഷം ഇലക്ട്രോൺ വോൾട്ട്സ് ശക്തിയുണ്ട്. അർബ്ബുദരോഗം ബാധിച്ച ശരീരമൂലവസ്തുക്കളെ ഇതുമൂലം നശിപ്പിക്കാം. 8 ടൺ ഭാരമുള്ള ഈ ഉപകരണം രോഗിയുടെ ചുററുവശത്തും കറക്കി ഉപയോഗപ്പെടുത്താനുതകുന്നു. ഉപയോഗസൗകര്യപ്രദമാണ്. മാംസാർബ്ബുദത്തിൽ അംശുപ്രസരണം നല്ലതുപോലെ തട്ടുന്നു: അതേസമയം അംശുപ്രസരണം തൊലിയിൽ അത്രത്തോളം തട്ടുന്നുമില്ല.

ഇന്ത്യയിലെ നിലക്കടല കൃഷി

ന്യൂഡൽഹി, ഫെ. 2

1964-65ൽ മൊത്തം 15958000 ഏക്കർ സ്ഥലത്തു് നിലക്കടല കൃഷിയുണ്ടെന്നു് കണക്കാക്കിയിരിക്കുന്നു.

ഭക്ഷ്യകൃഷി വകുപ്പിലെ സാമ്പത്തിക-സ്ഥിതിവിവരക്കണക്ക ഡയറക്ടറേററ് തയ്യാറാക്കിയിട്ടുള്ള കണക്കനുസരിച്ചു് കൃഷിഭൂമിയുടെ വിസ്തൃതിയിൽ 704000 ഏക്കർ അഥവാ 4.6 ശതമാനം വർദ്ധിച്ചിട്ടുണ്ട്. 1963-64ൽ 15254000 ഏക്കർ സ്ഥലത്തു് [illegible] കൃഷി ഉണ്ടായിരുന്ന[illegible]ക്കൊല്ലം കൃഷിഭൂമിയുടെ വിസ്തൃതിയിൽ വർദ്ധനവുണ്ടായതു് ഗുജറാത്തു്, ഉത്തരപ്രദേശ്, രാജസ്ഥാൻ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലാണ്. മൈസൂരിലും മദ്ധ്യപ്രദേശിലും അല്പം കുറവും സംഭവിക്കാതിരുന്നിട്ടില്ല.

അടുത്ത വാരാന്ത്യപ്പതിപ്പിൽ

തൂലികാചിത്രം

ഡോ: പി. ജെ. തോമസ് — എം. ഒ. ജോസഫ് നെടുങ്കുന്നം

നാടകം

പരദീസ — ഇടമറക്

നോവൽ

കീർത്ഥയാത്ര — എമരേത്ത് സെബാസ്റ്റ്യൻ

ചെറുകഥ

മനംതെളിഞ്ഞു — ജി. പള്ളിയാൽ

യാത്രാവിവരണം

ഇന്ത്യയുടെ പടിവാതിലിൽ — മണിമല

പുസ്തകനിരൂപണം

ടോംജോസ്

ലേഖനങ്ങൾ

ടി. എസ്സ്. എലിയട്ട് — എം. കല്ലുകളം

എന്താണു് കേരളത്തിന്റെ തകരാറ്- നിത്യചൈതന്യയതി

ഗാനം

പൂക്കാററ് — കെ. ജെ. ആന്റണി

കവിത

കണ്ടചിത്രങ്ങൾ — നീലീശ്വരംരാമൻകുഞ്ഞി

സിനിമ — സുന്ദിൽ

കായികരംഗം — ചാക്കോൺ

N. B. മറെറല്ലാ സ്ഥിരംപംക്തികളും ഉണ്ടായിരിക്കും. വാരാന്ത്യപ്പതിപ്പിലേക്കുള്ള ലേഖനങ്ങൾ, കഥകൾ മുതലായവ പത്രാധിപർ, തൊഴിലാളി-സൺഡേ സപ്ലിമെന്റ് തൃശ്ശൂർ, എന്നവിലാസത്തിലയക്കുക. നിരൂപണത്തിനു പുസ്തകത്തിന്റെ ഇരണ്ടുകോപ്പികൾവീതം അയക്കേണ്ടതാണ്.

No. A2-1583/58.

Office of the Dist. Medical Officer of Health, Trichur, dt/- 5-1-1965

QUOTATION NOTICE.

Sealed Tenders are invited for the repair of the Refrigerator kept in this office so as to reach this office not later than 13-2 65 at 5 P M Late tenders will not be accepted The work will be entrusted to him whr quotes the lowest rate. The tenders must be addressed to the Dist. Medical Officer of Health, Trichur and should be accompanied by an earnest money of Rs. 50/- by chalan receipts in any Branch of State Bank of Travancore. The Dist. Medical Officer of Health resorves to herself the right to accept or reject any tender papers without assigning any reason what so ever.

On receipt of the approval of the lowest tender by the Director of Health Services the fact will be intimated to the Tenderor who will have to exocute an agreement immediately to the effect that the work will be carried out to the entire satisfaction of the Dist. Medical Officer of Health. If, the work is not done satisfactorily, the workwill be carried out again through other agencies and the loss if any, incurred on this account will be recovered from the Tenderer.

Details, if any, regarding this tender notification can be had from this office on any working day between 10 A. M. to 5 P. M. The Refrigerator can be inspected on any working day between 10 A. M. to 5 P. M.

Dist. Medical Officer of Health,
Trichur.

ഇന്തോ-ചെക്ക് വ്യാപാര സാമ്പത്തിക സഹകരണം

മന്ത്രിമാർതമ്മിൽ സംഭാഷണം

ന്യൂഡൽഹി, ഫെ 2

ചെക്കോസ്ലോവാക്യയിലെ ഘനവ്യവസായ വകുപ്പുമന്ത്രി മി ജെ പോസൽ ഇന്നാവിലെ വാണിജ്യമന്ത്രി ശ്രീ മനുഭായ്ഷായെ സന്ദർശിച്ച് സംഭാഷണം നടത്തുകയുണ്ടായി, ഇന്ത്യയിലെ ചെക്ക് സ്ഥാനപതി ഡോ: ജോവാൻ റോഹൽ-ജൽക്കിയും സന്നിഹിതനായിരുന്നു.

സംഭാഷണം സൗഹാർദ്ദപരവും ഏറെ യോജനാപ്രദമായിരുന്നു. വ്യാപാരസാമ്പത്തികരംഗങ്ങളിൽ, വിശേഷിച്ചും ഇരു രാജ്യങ്ങളും തമ്മിലുള്ള അടുത്ത സഹകരണത്തിലും സൗഹാർദ്ദത്തിലും, മന്ത്രിമാർ സന്തോഷം പ്രകടിപ്പിച്ചു. ഇന്ത്യയും ചെക്കോസ്ലോവാക്യയും തമ്മിലുള്ളവ്യാപാരം ഒപടുന്ന വികസിപ്പിക്കാൻ മുൻകയ്യെടുത്ത പ്രവർത്തിച്ചതിനു് മി പൊസൽ ഡാണിജ്യമന്ത്രിയോടു് കൃതജ്ഞത പ്രകാശിപ്പിച്ചു.

രണ്ടുരാജ്യങ്ങളിലേയും ദീർഘകാലാസൂത്രണം പരസ്പരം പ്രയോജനപ്രദമാം വിധം ഏകോപിപ്പിക്കുന്നതിനെ സംബന്ധിക്കുന്ന കാര്യങ്ങൾ പരാമർശിച്ച രണ്ടു രാജ്യത്തെ ഉത്പാദനം മറ്റേ രാജ്യത്തിനും ആവശ്യങ്ങൾക്ക് അനുയോജ്യമായവിധം പരിഷ്കരിക്കാൻ ഇരുകൂട്ടം കഴിയുന്നതാണ്. വിദേശമിൻ എ, ഖനിജാദ അയണൽ, ആൽക്കലോയിഡുകൾ, ഔഷധങ്ങൾ, ചണവസ്തുക്കൾ തുടങ്ങിയ സംബന്ധിച്ച് ചെക്കോസ്ലോവാക്യയുടെ ആവശ്യങ്ങൾ മുഴുവൻ നിറവേറ്റാൻ ഇന്ത്യയ്ക്കു സാധിക്കുമെന്നു മന്ത്രി ചൂണ്ടിക്കാട്ടി.

1966-70 കാലത്തേക്ക് ചെക്കോസ്ലോവാക്യയ്ക്ക് ആവശ്യം വരുന്ന ഓയിൽ വേ വാഗണുകളുടെ കണക്ക് അടുത്തുതന്നെ നിശ്ചയിക്കപ്പെടുമെന്നും ഇരുമുഴുവർ ഇന്ത്യയിൽനിന്നു സാധിക്കാവുന്നതുമാണെന്നും മി പൊസൽ പ്രസ്താവിച്ചു പച്ചിരുന്നു, വളങ്ങൾ, പ്രത്യേക ഉരുക്കുതരങ്ങൾ, ആയുധോപകരണങ്ങൾ തുടങ്ങിയ അസംസ്കൃതവസ്തുക്കൾ ഇന്ത്യയ്ക്ക് കൂടുതൽ നൽകുന്നതിനുള്ള സാധ്യത, ചെക്കോസ്ലോവാക്യയിൽ ദേവിപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും പ്രത്യേകം പരിഗണിക്കുമെന്നും അദ്ദേഹം ഉറപ്പു നൽകി

ഇന്ത്യയ്ക്ക് ധാരാളം സുഹൃത്തുക്കളുണ്ടു്, പക്ഷേ അവരുടെ പ്രത്യേക ഉരുക്കുതരങ്ങളും നിർമ്മിക്കുന്നതിനു് കൂടുതൽ ഫണ്ടുകൾ സ്വരൂപിക്കാൻ ചെക്കോസ്ലോവാക്യയ്ക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നതിനെക്കുറിച്ച് ശ്രീ മനുഭായ്ഷാ പരാമർശിക്കുകയുണ്ടായി. ഇത് ഉത്പാദനത്തിൻറെ ഒരു മേഖല ഇന്ത്യയ്ക്കു നൽകാവുന്നതാണ്.

ഇന്ത്യാ-ജപ്പാൻ ട്രാഡ് വികസനം

ടോക്കിയോ, ഫെ. 3

ഇന്ത്യയും ജപ്പാനും തമ്മിൽ ട്രാഡ് വികസനം സംബന്ധിച്ച് ഒരു കരാറിലെത്തുന്നതിനുള്ള സാദ്ധ്യത വർദ്ധിച്ചുവരികയാണെന്ന് ഇവിടത്തെ ട്രാഡ് കേന്ദ്രങ്ങളിൽനിന്ന് അറിയുന്നു. കഴിഞ്ഞതവണ ഇന്ത്യൻ ട്രാഡ് വകുപ്പുമന്ത്രി ശ്രീ. രാജബഹദൂർ ജപ്പാൻ സന്ദർശിച്ചപ്പോൾ ഇതിനെപ്പറ്റി പല കൂടിയാലോചനകളും നടത്തുകയുണ്ടായി. ജപ്പാൻ സന്ദർശിക്കുന്ന പാശ്ചാത്യരെ ഇന്ത്യയിലേയ്ക്കുകൂടി അയക്കാമോ എന്ന് ഇതിൽനിന്നും ഉദ്ദേശിക്കുന്നു. അതുപോലെ ഇന്ത്യയിൽനിന്നും ജപ്പാനിലേയ്ക്കും ഇരു രാജ്യങ്ങളും തമ്മിൽ ഉഭയകക്ഷിയുടെ അസംസ്കൃതവസ്തുക്കൾ ഇന്ത്യയ്ക്ക് കൂടുതൽ നൽകുന്നതിനുള്ള സാധ്യത, ചെക്കോസ്ലോവാക്യയിൽ ദേവിപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും പ്രത്യേകം പരിഗണിക്കുമെന്നും അദ്ദേഹം ഉറപ്പു നൽകി

ഇന്ത്യയ്ക്ക് ധാരാളം സുഹൃത്തുക്കളുണ്ടു്, പക്ഷേ അവരുടെ പ്രത്യേക ഉരുക്കുതരങ്ങളും നിർമ്മിക്കുന്നതിനു് കൂടുതൽ ഫണ്ടുകൾ സ്വരൂപിക്കാൻ ചെക്കോസ്ലോവാക്യയ്ക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നതിനെക്കുറിച്ച് ശ്രീ മനുഭായ്ഷാ പരാമർശിക്കുകയുണ്ടായി. ഇത് ഉത്പാദനത്തിൻറെ ഒരു മേഖല ഇന്ത്യയ്ക്കു നൽകാവുന്നതാണ്.

ഫാത്തിമാ കോളേജിനു് ടേം ഫീ

കൊല്ലം, ഫെ. 2

ആലപ്പുഴ എസ് ഡി കോളേജ് ഇംഗ്ലീഷ് പ്രസംഗമത്സരത്തിനു് കോളേജ് വിദ്യാർത്ഥികൾക്കായിട്ടുള്ള ട്രോഫി ഇത്തവണ കൊല്ലം ഫാത്തിമാമാതാ നാഷണൽകോളേജ് നേടുകയും ഇന്നലെ ഒവെകന്നേരം ആ ട്രോഫി കോളേജിലെത്തിയപ്പോൾ കോളേജിലെ സ്റ്റാഫും വിദ്യാർത്ഥികളും ചേർന്നു് വിജയികൾക്ക് ഒരു ഗംഭീര സ്വീകരണം നൽകിയിരിക്കുന്നു.

കേരളത്തിലെ കോളേജുകളിൽ ഇരുപതു വിദ്യാർത്ഥികളുടെ ഒരാഴ്ചത്തെ മാസത്തിൽ പങ്കെടുക്കുന്നുണ്ടു്. ഫാത്തിമാ കോളേജിൽനിന്നും അയച്ച ടീമിൽ കെ. ഡി. സരോ, എൻ. ജയപാലൻ എന്ന 2 വിദ്യാർത്ഥികളാണ് പങ്കെടുത്തു് ട്രോഫി നേടിയതു്. 2 കൊല്ലം മുമ്പു് ഈ ട്രോഫി ഫാത്തിമാ കോളേജിനുലഭിച്ചിരുന്നുവെങ്കിലും ഇക്കഴിഞ്ഞ കൊല്ലം അതുവഴക്ക് നഷ്ടപ്പെടുകയുണ്ടായി. എന്നാൽ ഇത്തവണ പ്രശസ്തമായ നിലയിൽ വിജയിച്ച് അതു വീണ്ടും കരസ്ഥമാക്കുകയാണുണ്ടായതു്.

ഡിബേറ്റിൽ പങ്കെടുത്ത വിദ്യാർത്ഥികളിൽ ഏറ്റവും കൂടുതൽ പോയിൻറ് നേടിയ ശ്രീ സരോ തെയ്യാട്ടുകുളം സ്വദേശിയാണു്. വിജയികൾക്കു നല്ലിയ എടുമായ സ്വീകരണത്തിനു് അവർ നന്ദി പ്രകടിപ്പിക്കുകയുണ്ടായി.

ട്രാസിൽ എണ്ണഖനി

മദ്രാസ്, ഫെ: 2

ജനിനടുത്തു് തില്ലായ്ക്കു എന്ന സ്ഥലത്തു് 6000 അടി ആഴത്തിൽ എണ്ണയും നിയുണ്ടെന്നു കണ്ടുപിടിക്കപ്പെട്ടതിനെക്കുറിച്ചു് കണക്കാക്കുന്നതിനു സോവിയറ്റ് ശാസ്ത്രജ്ഞന്മാരുടെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ഓയിൽ ആൻറ് ഗ്യാസ് കമ്മീഷനിലെ ജോലിക്കാർ ഈ അംഗങ്ങളാണ്. ഇവരുടെ പരീക്ഷണം വിജയിയ്ക്കുമെന്നു് ഏകദേശം തീർച്ചയായിട്ടുണ്ടു്. ചെറിയ തോതിൽ മാത്രമേ അവിടെനിന്നും എണ്ണ ലഭിക്കുകയുള്ളുവെന്നാണ് പരിശോധനയുടെ ഇതുവരെയുള്ള നിഗമനം. എന്നാൽ ഇതു കൂടുതൽ ആഴത്തിലേയ്ക്കു തുരക്കുമ്പോൾ കൂടുതൽ എണ്ണ കിട്ടുമെന്നും, ഏതു സ്ഥാനത്തുണ്ടെന്നും കണ്ടുപിടിക്കുന്നതിനുള്ള പരീക്ഷണങ്ങളും തുടർന്നു നടത്തിക്കൊണ്ടിരിക്കുകയാണു്.

=കേ. ട്രസ്സ്=

വെൽഡിംഗിലും കൊല്ലപ്പണിയിലും പരിശീലനം

എറണാകുളം ഫെ. 3

ഏറ്റവും ആധുനിക ഉല്പാദന കേന്ദ്രത്തിൽ വെൽഡിംഗ്, കൊപ്പണി എന്നീ തൊഴിലുകളിൽ യഥാക്രമം മൂന്നും ആറും മാസത്തെ പരിശീലനത്തിനു് ചെറുകിട വ്യവസായ ഷെഡ്കളിലെ ജോലിക്കാരിൽ നിന്നു് അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു.

പരിശീലനകാലത്തു് മാസം 40 രൂപ വീതം സ്റ്റൈപ്പൻറ് നൽകുന്നതാണ്. അപേക്ഷകർക്ക് അതതു തൊഴിലിൽ ഒരു വർഷത്തെയെങ്കിലും പ്രവർത്തനപരിചയവും ഇംഗ്ലീഷ്, കണക്ക്, ശാസ്ത്രം എന്നിവയിൽ സാമാന്യജ്ഞാനവും ഉണ്ടായിരിക്കണം.

പേരു്, മേൽവിലാസം, വിദ്യാഭ്യാസയോഗ്യതകൾ, ജോലിപരിചയം, പ്രായം, ജോലിചെയ്യുന്ന ചെറുകിട വ്യവസായ ഷെഡ്കത്തിൻറെ പേരും റജിസ്റ്റർ നമ്പരും ഉടമയുടെ വിവരങ്ങളുമടക്കി അപേക്ഷകൾ ഫെബ്രുവരി 10-നകം കേന്ദ്രത്തിൻറെ അസിസ്റ്റൻറ് ഡയക്ടക്ക് കിട്ടേണ്ടതാണ്.

ഗോർഡൻ വാൾക്കർക്ക് പുതിയ ജോലി

ലണ്ടൻ, ഫെ. 3

പത്തുദിവസംമുമ്പ് നടന്ന ഉപതിരഞ്ഞെടുപ്പിൽ പരാജിതനായ മുൻ ബ്രിട്ടീഷ് വിദേശകാര്യമന്ത്രി ഗോർഡൻ വാൾക്കർ ഒരു പുതിയ ജോലിയിൽ പ്രവേശിച്ചിരിക്കുന്നു. ഗോർഡൻ വാൾക്കർ ഒരു പുതിയ ജോലിയിൽ പ്രവേശിച്ചിരിക്കുന്നു. ഗോർഡൻ വാൾക്കർ ഒരു ഇൻഡസ്ട്രിയൽ ഔട്ടിങ്ങ് ഓർഗനൈസേഷൻറെ അഡ്വൈസറായിരിക്കും.

മാർക്കറ്റ്

(ഫെബ്രുവരി 3 മുതൽ)

	തൃശ്ശൂർ	ആലപ്പുഴ	കൊച്ചി
അവിലുവെള്ള (കപ്പിനുമേൽ)	309-00	292 00	292-00
" രണ്ടാംതരം "	.... —	289-00	288-50
" മൂന്നാം "	—.....	283 0	282-15
അരിപ്പ പുകരഹിത "	205-00	200 00	197-25
" രണ്ടാമിവ് "	....—....	205-00	212-09
പിണ്ണാക്ക് "	64 00	61 00	62 00
ഉരുളൻ തേങ്ങ "	....	258 00	285 00
" (മുടൽപ്പുറം)	....	354-00	296-00
കൊപ്രമുക്ക് "	345-20	388 00	383-00
" വരവു മേയി "	—	375-00	.....
" മുതലൻ "	—	150-00	.....
പുക്ക് "	250-00	400-00	300-00
വെണ്ണ "	125-00	120-00	165-00
നെയ്യ് "	.....	.....	610-00
വെളിച്ചെണ്ണ (20 കിലോ)	115-40	—.....	.....
കിളിച്ചുണ്ട് "	140-50	.....	.....
ഗുഡ്സേൺതെ. [50കിലോ]	280-50	.....	.....
" ഏരാശൽ	400-25	.....	.....
പുൽതൈലം	110-00	—	110-00
പുതിരി	.....	.....	.....
പുൽതൈലം	.....	.....	.....
" (സി. മ.)	.....	.....	.....
നടവരി	.....	.....	.....
കയർ അണ്ടുതൊണ്ട് (കപ്പിന്റ്)	.....	—	.....
" ഉലുപ്പാടൻ "	.....	115-00	.....
" ആറാട്ടുപുഴ "		110-00	.....

തൃശൂർ വാർത്തകൾ

[സ്വ. ലേ] ഫെബ്രുവരി 3

ആദ്യപന്തി ജീവനക്കാരുടെ യോഗം

കേരള ഹോസ്പിറ്റൽ വർക്കേഴ്സ് യൂണിയൻ തൃശൂർ ജില്ലയുടെ ഒരു ജനറൽ ബോഡിയോഗം തൃശൂർ ജില്ലാ ആദ്യപന്തി കെ. പി. ഹാളിൽ വെച്ചു് കൂടി. സെക്രട്ടറി ശ്രീ. സി. മാധവൻ നായർ അവതരിപ്പിച്ചു വരുചിലവു് കണക്കുകളും യോഗം അംഗീകരിച്ചു.

ഇന്നു രാവിലെ പിച്ചിക്കപോകയായിരുന്ന എ. എം. എസ്. ബസ്സ് കാളത്തോടുവെച്ച് ചിതലൻ തോമസ്സ് എന്നൊരാളുടേമേൽ മുട്ടുകയൻ പരുക്കുകളോടെ അയാളെ ജില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

തൃശൂർ കഥകളി ക്ലബ്ബിൻറെ ഉൽഘാടനം

തൃശൂർ കഥകളി ക്ലബ്ബിൻറെ ഉൽഘാടനം നടന്നനികേതനം മാഡിറോറിയത്തിൽവെച്ച് ഫെബ്രുവരി 6-ാംനു ശനിയാഴ്ച രാത്രി 8-0 നു് ഫാക്ട് മാനേജിംഗ് ഡയറക്ടർ ശ്രീ. എം. കെ. കെ. നായർ നിർവ്വഹിക്കുന്നതായിരിക്കും. ഉൽഘാടനത്തോടനുബന്ധിച്ചു കഥകളിയുമവതരിപ്പിക്കുന്നതാണ്.

കളരിസംഘം വാർഷികമിന്നാരി

പേലക്കോട്ടുകര പ്രാചീന ഭാരത കളരിസംഘത്തിൻറെ തൃശൂർ അരിയങ്ങാടിബ്രാഞ്ചിൽ ഗ്രൗണ്ടിലെ പി. സി. ശാമുവേലിൻറെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം അതിൻറെ ഇക്കൊല്ലത്തെ വാർഷികപരിപാടി നടത്തിപ്പിനുവേണ്ടി പ്രസിഡണ്ടു് പി. സി. ശാമുവേൽ (ഗ്രൂക്കോ) സെക്രട്ടറി എൻ എൻ. സണ്ണി, ജോയിൻറ് സെക്രട്ടറി ജോസ് ടി. ജെ, ഗോപി എൻ. കെ; രാഫേൽ കെ. കെ. ഇട്ടിമാണി, ടി. ഐ വർഗ്ഗീസ്, പി. സി. ജോയി സി. വി. എന്നിവരടങ്ങിയ ഒരു കമ്മറ്റി രൂപീകരിക്കുകയുണ്ടായി.

കഥകളി ക്ലബ്ബ്

തൃശൂർ കഥകളി ക്ലബ്ബിൻറെ ഉൽഘാടനകർമ്മം നടന്നനികേതനം മാഡിറോറിയത്തിൽവെച്ച് ഫെബ്രുവരി 6 ശനിയാഴ്ച രാത്രി എട്ടരമണിക്ക് 'പാഞ്ചാലി' മാനേജിംഗ് ഡയക്ടർ എ കെ കെ നായർ നിർവ്വഹിക്കുന്നതാണ്.

പുട്ടുകുത്തുന്നു

കിഴക്കേ അങ്ങാടിയിൽ സി ഡി ലോനക്കുട്ടി എന്ന ആളുടെ മുറിയുടെ പൂട്ടു് ആരോ കുത്തിത്തുറന്നു് 50 രൂപ മോഷ്ടിച്ചിരിക്കുന്നു.

അറസ്റ്റ് ചെയ്തു

വടക്കേ അങ്ങാടിയിലെ വേലുപ്പാടിയുടെ പീഢനത്തിനിന്നും സ്ത്രീയെ നാടി സംഘടനയും മോഷ്ടിച്ചതിനു് നെടുപുഴ സ്വദേശി ജോണിനെ ടൗൺപോലീസ് അറസ്റ്റ്ചെയ്തിരിക്കുന്നു.

അന്യായമായ അറസ്റ്റും തടങ്കലും

(സ്വ. ലേ) ചങ്ങനാശ്ശേരി ഫെ. 2

മാടപ്പള്ളി സ്വദേശിയും പെരുമ്പള്ളിയും വക സ്ഥലത്തെ കരിങ്കിടപ്പുകാരനുമായ പാപ്പച്ചൻ എന്നൊരു ഹരിജനെ ചങ്ങനാശ്ശേരി പോലീസ് ജനുവരി 27-ാംനു പകൽ നാലര മണിക്ക് അറസ്റ്റുചെയ്തു. കേസെടുക്കാതെയും ജാമ്യം കൊടുക്കാതെയും മെ: കെ. കെ. കൃഷ്ണപിള്ള, മാടപ്പള്ളി [പഞ്ചാ. പ്രസിഡൻറ്] വി. കെ. രാജപ്പൻ, കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്, എ. എം. കല്യാണകൃഷ്ണൻനായർ എന്നീ അഡ്വക്കേറ്റന്മാരുടെ ഇടപെടലിനെ അവഗണിച്ച് നിയമവിരുദ്ധമായി ലോക്കപ്പിൽ സൂക്ഷിച്ചതായി ഒരു കേസുൽഭിച്ചിരിക്കുന്നു. പാപ്പച്ചനെ 4 ദിവസമായിട്ടും കോടതിയിൽ ഹാജരാക്കാതെ സൂക്ഷിക്കുകയാൽ ക്രി. ന. നി. 100-ാം കക്ഷിപ്രകാരം കോടതിയിൽ അപേക്ഷ ബോധിപ്പിക്കുകയും, അതനുസരിച്ചു സ്റ്റേഷൻ പരിശോധിച്ച് ആളെ കണ്ടെടുക്കാൻ സ്ഥലം മൊസംക്ലാസ് മജിസ്ട്രേട്ട് ശ്രീമതി രാധമ്മ ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് 30-ാം നു- സന്ധ്യക്ക ഏഴര മണിക്ക് പാപ്പച്ചനെ മജിസ്ട്രേട്ടിൻറെ മുമ്പിൽ ഹാജരാക്കി. അതിനകം പാപ്പച്ചൻറെ പേരിൽ ഒരു മോഷണക്കേസ് ചുമത്തി30-ാം നു- രാവിലെ 9 മണിക്കുണ്ട് അറസ്റ്റ് ചെയ്തതായ രേഖയുണ്ടാക്കാൻ പോലീസ് മറന്നില്ല. ജന്മിയുടെ കൽപിയിൽക്കുടിയിരുത്തിയ ശക്തിക്കുറ്റക്കാരനാണ് പോലീസ് ഇതു അന്യായത്തടങ്കലിനു മുതിർന്നതെന്നറിയുന്നു.

ഇതു സംബന്ധിച്ചു കോടതിയിൽ കേസിനു പുറമേ ഐ. ജി. ഡി. ഐ. എസ്. പി. എന്നിവർക്ക് ഹരജികളും അയച്ചിട്ടുണ്ടു്.

....

പഞ്ചായത്തു ഡയറക്ടറുടെ സന്ദർശനം

തൃശൂർ, ഫെ. 2

പഞ്ചായത്തു ഡയറക്ടർ ശ്രീ ആർ. കേശവൻനായർ ഫെബ്രുവരി 4-ാംതീയതി ചാവക്കാട്ടെത്തുന്നതും 5 ാംതീയതി രാവിലെ തെരഞ്ഞെടുപ്പു പഞ്ചായത്താഫീസ് പരിശോധിക്കുന്നതുമാണ്. അന്നു രാത്രി തൃശൂരിലെത്തി കുറുപ്പുചെയ്യുന്ന അദ്ദേഹം പിറ്റേദിവസം രാവിലെ ജില്ലാ പഞ്ചായത്താഫീസ് പരിശോധിച്ചശേഷം എറണാകുളത്തേക്ക് പോകും.

-0-

കട്ടനാട്ടിൽ കോളറ പകരുന്നതിരിക്കാൻ

(സ്വ പ്ര) ചമ്പക്കുളം, ഫെ 3

കട്ടനാട്ടിൽ ഇന്നു് സംജാതമായിരിക്കുന്ന കോളറാ മുൻകൂട്ടിയുള്ള സാംക്രമികരോഗങ്ങളും വർദ്ധിച്ചു് അനേകം ജനങ്ങളുടെ ജീവനെ അപഹരിച്ചുകൊണ്ടിരിക്കുകയാണ്. വർദ്ധമാനമായിരിക്കുന്നതുമായ ദുഃസ്ഥിതിയിൽനിന്നും യുക്തിപ്രാപിക്കുന്നതിനുവേണ്ടി താഴെ നിർദ്ദേശിക്കുന്നകാര്യങ്ങൾ ബന്ധപ്പെട്ടവരുടെ അടിയന്തിരശ്രദ്ധക്ക് വിഷയീഭവിച്ചുകൊള്ളുന്നു.

1, കട്ടനാട്ടിൽ സാവ്ത്രികമായി കത്തിവയ്പു നടത്തുന്നതിനു് ഒസ്പ്യൂൾപാട്ടിയെ നിയമിക്കുക.

2, ചമ്പക്കുളം ഫ്രോട്ടിംഗ് ഡിസ്പെൻസറി ഒരു സ്ഥാനത്തു് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി ഒരു ഷെഡ്കെട്ടുക.

3, വലിയ ഒരു സംഖ്യ ചിലവാക്കി പണിതിട്ടുള്ളതും, അതിലേറെ സംഖ്യ ചെലവഴിച്ചു പുനരുദ്ധരിക്കുകയും ചെയ്തിട്ടുള്ളതുമായ ചമ്പക്കുളം ഗവൺമെൻറ് ആശുപത്രിയിൽ ഒരു ഡോക്ടറുടെ സേവനം ഉടൻ ലഭ്യമാക്കുക.

4, കട്ടനാട്ടിൻറെ ചില ഭാഗങ്ങളിൽ ആരംഭിച്ചിട്ടുള്ള ശുദ്ധജലവിതരണം കാര്യക്ഷമമാക്കുക.

സായംകാലവസ്ത്രനിരോധം കരഘോഷം

ചെഷിമബർലിൻ (ജർമ്മനി) ചെഷിമ ജർമ്മനിയിലെ ഫാഷൻവ്യവസായം ഫാൻസ്പഫാനിൻറെ 'ഒമറി വിഡ്രോ' എന്ന നാടകം കാണാനായി 'ബർലിൻ ജേർണി' പ്രദർശനത്തിനു വന്നിരുന്ന ജർമ്മൻകാരേയും വിദേശികളേയും ക്ഷണിക്കാൻ നിശ്ചയിച്ചതു് ഒരു നല്ല ആശയമായിരുന്നു. സകലമാനപേരേയും കോരിത്തരിപ്പിച്ചു അതിൻറെ ഒടുവിലത്തെ സീനിൽ പശ്ചിമജർമ്മനിയിലെ ഫൊസുകോം ഒരു പ്രദർശനം നടത്തുകയുണ്ടായി. ആ നാടകത്തിൽ ഇതിനുമുമ്പ് അന്ന നടിച്ചതു 'എസ്ക്വയർ' മാസികയുടെ അഭിനയിച്ചിട്ടില്ല. അവിടത്തെ രംഗിച്ചതിൽ അവർ എല്ലാവരും നല്ലതുപോലെ ശോഭിച്ചിരുന്നു. പ്രേക്ഷകരുടെ കരഘോഷം അവസാനമില്ലാതെ മുഴങ്ങുകയും ചെയ്തിരുന്നു അന്ന ബർലിൻ ചിക്ക്' അതിൻറെ വിജയവും ആഘോഷിച്ചു.

ഹരിജനക്ഷേമ പ്രവർത്തനങ്ങൾ

തൃശൂർ, ഫെ. 3

ഹരിജനക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ഈ സാമ്പത്തികവർഷത്തിൽ ഡിസംബർ അവസാനംവരെ തൃശൂർ ജില്ലയിൽ 1,00,478 രൂപ ചിലവഴിച്ചിരിക്കുന്നു. അതിൽ 25,884 രൂപ ഹരിജൻ വിദ്യാർത്ഥികളുടെ സ്റ്റൈപൻഡിക്കുവേണ്ടിയും 44,100 രൂപ ഹരിജനങ്ങൾക്കുള്ള ഭവനനിർമ്മാണ പരിപാടിക്കുവേണ്ടിയുമാണ് വിനിയോഗിച്ചതു്.

---

240 വർഷത്തെ പഴക്കമുള്ള പാലം

യൽമം (പോർ) — പശ്ചിമജർമ്മനിയിലെ വളരെ പഴക്കമുള്ള ഒരു പാലമാണ് ഡസൽഡോ നദിക്ക് കുറുകെ ബ്രാൻഡെൻബർഗിലെ പുരോഹിതന്മാർ 1720-ൽ പണികഴിപ്പിച്ചതാണിതു്. ഈ പാലത്തിൻറെ ആധുനികത്തിനു വേണ്ടി നടക്കുന്ന ശ്രമം ഒരു വനം തന്നെ വെട്ടിനശിപ്പിച്ചതിനാണ് പറയുന്നതു്. തടിക്കു കേടുവരാതിരിക്കാനുള്ള ഒരുതരം രക്ഷണവും പുരോഹിതന്മാർ കണ്ടെത്തിയിട്ടുണ്ടായിരുന്നു. മാനുഷികത്തൽ ഈ രക്ഷണവും പുരോഹിതന്മാർ കണ്ടുപിടിച്ചിരുന്നുവത്രേ. മാനുഷികത്തൽ ഈ രക്ഷണസാധനം ഉണ്ടാക്കുന്നവിധം നഷ്ടപ്പെട്ടുപോയിരിക്കുന്നുപോലും. ഇന്നത്തെ വഴിവച്ച ഗതാഗതത്തെയും താങ്ങാനുള്ള ശക്തി ഈ പാലത്തിനുണ്ടു്.

ടൂട്ടുള്ളതായ ഡ്രോട്ടിംഗ് ഡിസ്പെൻസറി ബോട്ട് പ്രവർത്തനക്ഷമമാക്കുക. ക്ലോറെത്ര മൈനോ, രണ്ടോ ബോട്ടുകൂടി അനുവദിക്കുക.

4, കട്ടനാട്ടിൻറെ ചില ഭാഗങ്ങളിൽ ആരംഭിച്ചിട്ടുള്ള ശുദ്ധജലവിതരണം കാര്യക്ഷമമാക്കുക.

ജലവിതരണ പ്രവർത്തനങ്ങൾ

തൃശൂർ, ഫെ 3

ജലവിതരണ പദ്ധതയനുസരിച്ച് ഈ സാമ്പത്തികവർഷത്തെ 9 മാസത്തിൽ തൃശൂർ ജില്ലയിൽ 1,85,287 രൂപാ ചിലവഴിച്ചിരിക്കുന്നു. അതിൽ ഗ്രാമീണ ജലവിതരണ പദ്ധതിയനുസരിച്ച് 119476 രൂപയും നഗരങ്ങളിലെ ജലവിതരണപ്രവർത്തനങ്ങൾക്ക് 65811രൂപയുമാണ് വിനിയോഗിച്ചതു്.

5-ാമത്തെ ഉരുക്കു നിർമ്മാണശാല

ന്യൂഡൽഹി, ഫെ. 2

പൊതുമേഖലയിലെ അഞ്ചാമത്തെ ഉരുക്കുനിർമ്മാണശാലയെക്കുറിച്ചു് പഠനം നടത്തുന്നതിനു് ഗവർമ്മെണ്ടു് ആസ്ട്രോ-അമേരിക്കൻ കൺസോർഷ്യവുമായി ഒപ്പുവെച്ച കരാറിനെ സംബന്ധിച്ചു് ഒരു വിമർശം പാശ്ചാത്യരാജ്യങ്ങളിൽ വന്ന അഭിപ്രായങ്ങൾ ഇന്ത്യാഗവർമ്മെണ്ടിൻറെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. അഞ്ചാമത്തെ ഉരുക്കുനിർമ്മാണശാലയുടെ സ്ഥാനം നിശ്ചയിക്കൽ, സംവിധാനം, എഞ്ചിനീയറിങ്ങ്, പ്ലാൻറിൻറെ നിർമ്മാണം തുടങ്ങിയവയെപ്പറ്റിയുള്ള ഇന്ത്യൻ ഭാഗഭാഗിത്വം എന്നിവ സംബന്ധിച്ചു് ഉപദേശം നൽകുന്നതിനു മാത്രമായി ഗവർമ്മെണ്ടു് കൺസോർഷ്യത്തിനു് 46 ലക്ഷം രൂപാ കൊടുക്കുന്നതായിട്ടാണ് റിപ്പോർട്ട്. ജനുവരി 27-ാംനു-യിലെ പത്രക്കുറിപ്പിലെ വസ്തുതകൾ പുറത്തുവന്നതിനുശേഷം പൊക്കാരോ ഉരുക്കനിർമ്മാണശാലയുടെ പദ്ധതി റിപ്പോർട്ടു് തയ്യാറാക്കുന്നതിനു് ഇന്ത്യൻ എഞ്ചിനീയർമാർക്ക് 60 ലക്ഷം. കൊടുത്തുവെന്നതു് ഇതതന്നെ എഞ്ചിനീയർമാരുടെ നിരക്കുകൾ സാധാരണഗതിയിൽ കൂടുതലാണ്. ഈ പദ്ധതി റിപ്പോർട്ടിനും മാത്രമായി കൊടുക്കുമെന്നു് സമ്മതിച്ച 46 ലക്ഷംകൂടി രൂപയിലുപരി കൂടുതലല്ല. അഞ്ചു് നുക്കു് വളരെയധികം ആധുനികരീതിയാണ്. സ്ഥാനനിർണ്ണയത്തിനു് കൺസോർഷ്യത്തിൻറെ ഉപദേശം ആവശ്യമുണ്ടെന്നതാണ് ഉന്നയിക്കപ്പെട്ടിട്ടുള്ള മറ്റൊരു വിമർശനം. വിദേശനാണയവിനിമയത്തിൻറെ കാര്യത്തിൽ ശ്രദ്ധചെലുത്താൻ ഇന്ത്യാഗവർമ്മെണ്ടിനെ പ്രേരിപ്പിക്കുന്നതിനാകയില്ല. ജില്ലാ വെറാറിനാറി ആഫീസുകളുടെ നേതൃത്വത്തിലുള്ള പരിശോധകസംഘത്തിൻറെ തീപ്പന്നസരിച്ച് എറാവും നല്ല പത്രമുള്ള സമ്മാനം ശ്രീ ശിവരാമ പിള്ളയ്ക്കും ഏറാവും നല്ല ഉരുവിനുള്ള സമ്മാനം ശ്രീ പുത്തൻവീട്ടിൽ രാഘവനുലഭിച്ചു. കലവൂർ മനോരമതീയറേറാഴ്സിനു തെക്കുവശത്തുള്ള ഭൂമിയിൽ ചേന്ന സമാപനസമ്മേളനത്തിൽ ജില്ലാ പഞ്ചായത്താഫീസർ ശ്രീ എൻ. കൃഷ്ണൻനായർ അധ്യക്ഷത വഹിച്ചു. ശ്രീ ആർ. തങ്കപ്പൻ (പഞ്ചായത്തുമെമ്പർ) പഞ്ചായത്തിൻറെ താല്പര്യത്തെപ്പറ്റി റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ടു് സംസാരിച്ചു. ശ്രീമതി പി. വിശാലക്ഷ്മി, സുശ്രീ ടി. കെ. ടി. വത്സല, കെ. ജി. ലിയോൺപിള്ള, ഫാദർ ജോസഫ്, കോയിപ്പാമ്പിൽ, കെ. സി. മുഹമ്മദ്, പി. കെ. ജോസഫ് മുതലായവർ യോഗത്തിൽ പ്രസംഗിച്ചു. വിവിധ മത്സരങ്ങളിൽ പങ്കെടുത്തു പ്രസംഗിച്ച നൂറിൽപ്പരം വ്യക്തികൾക്കുള്ള സമ്മാനങ്ങൾ അദ്ധ്യക്ഷൻ വിതരണംചെയ്തു. പഞ്ചായത്തു പ്രസിഡണ്ടു് ശ്രീ സി. സി. മൈക്കോകഞ്ഞ നേരത്തെ അതിഥികളേയും സ്വീകരിച്ചു. പട്ടിൽ സഹായത്തോടെ ശ്രീ അല്ലുഹുഹോഷ് കോൺഗ്രസ്സുകാരനായി വന്നാൽ ആശ്ചര്യമായിരിക്കയില്ല.

....

മാരാരിക്കുളം തെക്കുപഞ്ചായത്തു് വാർഷികം

ആലപ്പുഴ, ഫെ. 3

മൂന്നുദിവസമായി ആഘോഷിക്കപ്പെട്ട മാരാരിക്കുളം തെക്കുപഞ്ചായത്തിൻറെ വാർഷികാഘോഷപരിപാടികളോടുകൂടി സമാപിച്ചിരിക്കുന്നു. കാണ്മാ